# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 562 — 19.03.2013-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ. ജെയിംസ് മാത്യു

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

## മൂലധനച്ചെലവ് സംബന്ധിച്ച വിവരം

| | | |
|---|---|---|
| (എ) | നടപ്പു സാമ്പത്തികവർഷത്തെ മൂലധനച്ചെലവ് മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം കൂടുതലായിരിക്കണം എന്നായിരുന്നു ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്നത്; എന്നാൽ, അത് എത്രയായിരുന്നു; ഇത് സംസ്ഥാനത്തിന്റെ ആകെബഡ്ജറ്റ് അടങ്കലിന്റെ എത്രശതമാനമാണ്; ആകെ ചെലവിന്റെ എത്ര ശതമാനമാണ്; | മുൻവർഷത്തെബഡ്ജറ്റ് എസ്റ്റിമേറ്റുമായി താരതമ്യം ചെയ്യുമ്പോൾ നടപ്പുവർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ മൂലധനച്ചെലവ് 71% വർദ്ധിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പു സാമ്പത്തികവർഷം ജനുവരി 31-വരെ മുൻവർഷത്തെ ഇതേ കാലയളവിലുള്ള ചെലവിനേക്കാൾ 6.03% വർദ്ധനവാണ് മൂലധനച്ചെലവിൽ വന്നിട്ടുള്ളത്. 2012-13 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള മൂലധനച്ചെലവ് മൊത്തം അടങ്കലിന്റെ 11% ആണ്. പ്രാഥമിക കണക്കുകൾ പ്രകാരം ജനുവരി 31-വരെ മൂലധനച്ചെലവ് മൊത്തം ചെലവിന്റെ 5% ആണ്. |
| (ബി) | കഴിഞ്ഞ ഏഴ് സാമ്പത്തിക വർഷത്തിൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ ആകെ ചെലവിന്റെ എത്ര ശതമാനം തുക മൂലധനച്ചെലവുണ്ടായി എന്നു വിശദമാക്കുമോ? | 2005-06 മുതൽ 2011-12 വരെയുള്ള വർഷങ്ങളിലെ ചെലവിലെ മൂലധനച്ചെലവിന്റെ ശതമാനം ചുവടെ ചേർക്കുന്നു. |

| സാമ്പത്തിക വർഷം | ശതമാനം |
|---|---|
| 2005-06 | 4.18% |
| 2006-07 | 4.09% |
| 2007-08 | 5.41% |
| 2008-09 | 5.49% |
| 2009-10 | 6.04% |
| 2010-11 | 8.67% |
| 2011-12 | 7.57% |

സെക്ഷൻ ഓഫീസർ